പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 725 24.1.2018 -ൽ മറുപടിയ്ക്ക്

## ബി.ആർ.ഡി.സി യുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | 2017 നവംബറിൽ ടൂറിസം വകുപ്പ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് ജില്ലാ കളക്ടറുടെ ചേംബറിൽ ബി.ആർ.ഡി.സി.യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ; | എ) & ബി) | 2017 നവംബറിൽ ടൂറിസം വകുപ്പ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് ജില്ലാ കളക്ടറുടെ ചേംബറിൽ ബി.ആർ.ഡി.സി.യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു |
| ബി) | ഈ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| സി) | ഇല്ലെങ്കിൽ നടപ്പിലാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | തീരുമാനങ്ങൾ | നടപടികൾ |
|---|---|---|
| 1. | തച്ചങ്ങാട് കൾച്ചറൽ സെന്റർ പണി പൂർത്തീകരിച്ച് ഡിസംബർ മാസത്തിൽ ഉദ്ഘാടനത്തിന് തയ്യാറാകും. | തച്ചങ്ങാട് കൾച്ചറൽ സെന്റർ ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട്. |
| 2 | ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണ പ്രവർത്തികൾ മാർച്ച് 2018 -ഓടെ പൂർത്തീകരിച്ച് സഞ്ചാരികൾക്കായി തുറന്ന് കൊടുക്കുവാൻ നടപടി സ്വീകരിക്കും. | മാർച്ച് 2018 -ഓടെ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 3 | തണൽ വിശ്രമ കേന്ദ്രത്തിന് പള്ളിക്കര പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള പുനർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു ബി.ആർ.ഡി.സി ഇതിനായി ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ നടപടി സ്വീകരിക്കും. | കെട്ടിട നമ്പറിനായി പള്ളിക്കര പഞ്ചായത്തിൽ പുനർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 4 | കാപ്പിൽ, കൊവ്വൽ, കോടി ബീച്ചുകൾ വികസിപ്പിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി സമർപ്പിക്കുവാൻ ബി.ആർ.ഡി.സി/ഡി.റ്റി.പി.സി നടപടി സ്വീകരിക്കണം. | കാപ്പിൽ, കൊവ്വൽ, കോടി ബീച്ചുകളുടെ വികസനത്തിനായി ഉദുമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഉപയോഗിക്കാൻ ഉള്ള അനുമതി പത്രം ഇതുവരെ ലഭ്യായിട്ടില്ല. |
| 5 | എയർസ്ട്രിപ്പിന്റെ സിയാൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് അനുയോജ്യമായ തീരുമാനം ഉണ്ടാകുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു | എയർസ്ട്രിപ്പ് നിർമ്മാണത്തിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് 18.1.2018-ൽ ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദ്ദേശം നൽകി. |
| 6 | റിസോർട്ട് നിർമ്മാതാക്കളുടെ യോഗം വിളിച്ച് റിസോർട്ട് നിർമ്മാണ പുരോഗതി വിലയിരുത്തുവാനും, പാട്ട കടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടികൾ ബി.ആർ.ഡി.സി കൈക്കൊള്ളും. | ബി.ആർ.ഡി.സിയിൽ വെച്ച് റിസോർട്ട് നിർമ്മാതാക്കളുടെ യോഗം 29.11.2017 ന് ചേർന്നിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനും പാട്ടകടിശ്ശികകൾ തീർക്കുന്നതിനും വേണ്ട ഫോളോ അപ്പ് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| 7 | ബി.ആർ.ഡി.സി ശുദ്ധജല വിതരണ പദ്ധതിയുടെ നടത്തിപ്പ് കേരള വാട്ടർ അതോറിറ്റിയുമായി ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. | ഈ വിഷയത്തിലെ തുടർനടപടികൾ സംബന്ധിച്ച് ജില്ലാ കളക്ടർ, വാട്ടർ അതോറിറ്റി അധികൃതരുമായി ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ